**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2972** **12-07-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗം വകുപ്പ് അനുവദിച്ച പദ്ധതികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗം വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (എ) | ഫിഷറീസ് വകുപ്പ് വഴി മത്സ്യകൃഷിയ്ക്കായി മാവേലിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ ആകെ തുകയും ചുവടെ ചേർക്കുന്നു.<br>1) ശുദ്ധജല മത്സ്യകൃഷി - (JMK 2021-22) - 10.5 ഹെക്ടർ - 16,00,000/- രൂപ<br>2) ഒരു നെല്ലും ഒരു മീനും - (JMK 2021-22) - 8000 ഹെക്ടർ - 24,00,000/- രൂപ<br>3) നൂതന മത്സ്യകൃഷി - (RAS, BIOFLOC) 20 യൂണിറ്റ് - 25,50,000/-<br>ടി പദ്ധതികൾ പ്രകാരം 2021-22 കാലയളവിൽ മത്സ്യകൃഷിക്കായി 65,50,000/- രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയും, ഫിഷറീസ് വകുപ്പ് വഴി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, സാഫ്, മുഖേനയും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

നിലവിലെ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം, മാങ്കാംകുഴി | 176.129 | DSR മാറ്റത്തോടനുബന്ധിച്ച പുതുക്കിയ നിരക്കുകൾ പ്രകാരം കിഫ്ബിയിൽ നിന്നും പുതുക്കിയ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ലഭ്യമായ ഫണ്ടിംഗ് തുക ലോൺ ആകയാൽ കിഫ്ബി നിഷ്കർഷിക്കുന്ന റവന്യൂ ഷെയറിംഗ് തിരിച്ചടവിന് അതാത് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് അനുമതി പത്രം ലഭ്യമായാൽ മാത്രമേ പദ്ധതി ടെണ്ടർ ചെയ്ത് നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2 | ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം, താമരക്കുളം | 227.52 | |

2. മത്സ്യഫെഡ്

മാവേലിക്കര നിയോജകമണ്ഡലത്തിൽ നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യഫെഡ് വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) -ൻറെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതിയിൽ മത്സ്യബന്ധന ഉപകരണങ്ങൾക്ക് നൽകിയ വായ്പ | 1.68 |
| 2 | മത്സ്യക്കച്ചവടം ചെയ്യുന്ന വനിതകൾക്കുള്ള പലിശ രഹിത വായ്പ | 17.20 |
| | ആകെ | 18.88 |

3. സാഫ്

2022-23 വർഷത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ) ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (JLG) പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ വരെ ഗ്രാന്റ്

(ഒരംഗത്തിന് ഒരു ലക്ഷം രൂപ) അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. 2022-23 വർഷത്തിൽ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ 150-300 ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നു.

തലച്ചുമടായി മത്സ്യം വിൽക്കുന്ന സ്ത്രീകൾ, പീലിംഗ്, മത്സ്യ അനുബന്ധ മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് JLG പദ്ധതി നടപ്പിലാക്കുന്നു. 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് 50000/- രൂപ (ഒരംഗത്തിന് 10000/- രൂപ വീതം) പ്രവർത്തന മൂലധനമായി പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. 2022-23 വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 100 JLG യൂണിറ്റുകൾ ആരംഭിക്കുന്നു.

4. <u>ഹാർബർ എൻജിനീയറിംഗ് വകുപ്പ്</u>

നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | നിലവിലുള്ള പുരോഗതി |
|---|---|---|---|
| 1. | തീരദേശ റോഡുകളുടെ നവീകരണം - പാലമേൽ ഗ്രാമപഞ്ചായത്തിലെ ഇടഞ്ഞയ്യത്ത് ജംഗ്ഷൻ ചൂരൽ വയൽഏലാ-മായക്ഷിക്കാവ് റോഡ് | 71.00 ലക്ഷം | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| 2. | തീരദേശ റോഡുകളുടെ നവീകരണം - തെക്കേകര ഗ്രാമപഞ്ചായത്തിലെ അത്തോദയം തടിമിൽ മുതൽ ഇടക്കടവ് ട്രാൻസ്ഫോർമർ റോഡ് | 68.90 ലക്ഷം | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |